"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ - LID&EW - ജീവനക്കാര്യം - കില പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ മാനേജർ(ടെക്നിക്കൽ) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അജയ്. എൽ. ഹാർഡിൻ [PEN No.672221]-ന്റെ അന്യത്രസേവന കാലാവധി 30.06.2024 -ന് അവസാനിക്കുന്നതിനെത്തുടർന്ന് ടിയാന് മാതൃവകുപ്പിൽ നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1171/2024/LSGD തീയതി,തിരുവനന്തപുരം, 29-06-2024

---

പരാമർശം:-

1. 31.03.2023 തീയതിയിലെ സ.ഉ(സാധാ)നം. 790/2023/തസ്വഭവ നമ്പർ ഉത്തരവ്.
2. 25.01.2024 തീയതിയിലെ ശ്രീ. അജയ് എൽ. ഹർഡിന്റെ അപേക്ഷ.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 06.02.2024, 04.06.2024 തീയതികളിലെ LSGD/PD/5841/2024-DEA5 നമ്പർ കത്ത്.
4. 09.04.2024 തീയതിയിലെ സ.ഉ(പി)നം. 27/2024/ധന നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

പരാമർശം(1) പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ കില പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ മാനേജർ(ടെക്നിക്കൽ) തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അജയ് എൽ. ഹർഡിൻ, 04.04.2024-ന് അന്യത്രസേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് മാതൃവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകണമെന്നും അന്യത്രസേവനത്തിൽ തുടരാൻ താൽപര്യമില്ലെന്നും അറിയിച്ചുകൊണ്ട് പരാമർശം(2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാന് മാതൃവകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിലവിലുള്ള ഒഴിവിലേക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം(3) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2024 ലോകസഭ ഇലക്ഷനോടനുബന്ധിച്ച് പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ 16.03.2024 നും 06.06.2024 നും ഇടയിൽ അന്യത്രസേവന കാലാവധി അവസാനിക്കുന്ന ഉദ്യോഗസ്ഥരുടെ അന്യത്രസേവന കാലാവധി പരാമർശം(4) പ്രകാരം കെ. എസ്. ആർ ഭാഗം I ചട്ടം 140(സി) യിൽ ഇളവ് വരുത്തി 30.06.2024 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടായിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 30.06.2024-ന് അന്യത്രസേവന കാലാവധി അവസാനിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അജയ് എൽ. ഹർഡിന്[PEN No.672221] മാതൃവകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിലവിലുള്ള ഒഴിവായ ഇടുക്കി ജില്ലയിലെ അഴുത ബ്ലോക്ക് പഞ്ചായത്തിൽ നിയമനം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് )തൃശ്ശൂർ.
4. ശ്രീ. അജയ്.എൽ.ഹർഡിൻ, അസി.എക്സി.എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5 ഡയറക്ടർ, കില പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, തിരുവനന്തപുരം
6. എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. തദ്ദേശ സ്വയംഭരണ(പിപി) വകുപ്പ്
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by
Keerthi I P
Date: 29-06-2024 16:13:33